പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 208 **27-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാനത്തെ ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. ആർ. ബൈജു
ശ്രീ. എൻ. ശക്തൻ
ശ്രീ. സി. വി. ശാന്തകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ചരക്കുനീക്കവും സംഭരണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യവസായ വളർച്ചയ്ക്ക് സഹായകമായ ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

ലോജിസ്റ്റിക്സ് മേഖലയ്ക്ക് സർക്കാർ പ്രത്യേക മുൻഗണന നൽകിവരുന്നു. സംസ്ഥാനത്തു ചരക്കു നീക്കവും സംഭരണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 2025-ൽ കേരള ലോജിസ്റ്റിക്സ് നയം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ലോജിസ്റ്റിക്സ് പാർക്കുകളുടെയും മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെയും സ്ഥാപനം, വികസനം, നിയന്ത്രണം എന്നിവ സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ 25.09.2026-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വകാര്യ, പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകകളിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ഈ മാർഗനിർദേശങ്ങൾ ബാധകമാണ്. ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിന് കുറഞ്ഞത് 10 ഏക്കറും മിനി ലോജിസ്റ്റിക്സ് പാർക്കിന് കുറഞ്ഞത് 5 ഏക്കറും തുടർച്ചയായ ഭൂമി ആവശ്യമാണ്. പ്രസ്തുത ഭൂമി അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതോ കുറഞ്ഞത് 30 വർഷത്തെ പാട്ടാവകാശമുള്ളതോ ആയിരിക്കണം. പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, സഹകരണ സംഘങ്ങൾ, കമ്പനികൾ, ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പുകൾ (LLP) എന്നിവയ്ക്ക് ഡെവലപ്പർമാരായി അപേക്ഷിക്കാവുന്നതാണ്. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികളിൽ രൂപീകരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ (SPV) സ്വകാര്യ പ്രൊമോട്ടർക്ക് കുറഞ്ഞത് 51 ശതമാനത്തിൽ കുറയാത്ത ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കണം.

പദ്ധതിക്കായുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് സമർപ്പിക്കേണ്ടതും ജില്ലാ വ്യവസായ സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ സ്ഥലപരിശോധനയ്ക്കുശേഷം, വ്യവസായ വകുപ്പ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല സമിതി മുപ്പത് ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കുന്നതും അംഗീകാരം ലഭിക്കുന്നവയ്ക്ക് അഞ്ച് വർഷത്തെ കാലാവധിയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും പരമാവധി രണ്ട് വർഷത്തിനകം വികസനം പൂർത്തിയാക്കുന്നതിനുള്ള ഡെവലപ്പർ പെർമിറ്റും നോഡൽ അതോറിറ്റിയായ വ്യവസായ-വാണിജ്യ ഡയറക്ടർ ഒരുമിച്ച്

അനുവദിക്കുന്നതാണ്. പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കൽ, വാർഷിക അവലോകനം, ഉടമസ്ഥാവകാശ കൈമാറ്റം, സറണ്ടർ, റദ്ദാക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകളും മാർഗനിർദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ലോജിസ്റ്റിക്സ് മേഖലയിലെ പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും വിവിധ വകുപ്പുകൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനം ഉറപ്പാക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേതൃത്വം നൽകുന്ന സംസ്ഥാന ലോജിസ്റ്റിക്സ് സെൽ, നഗരതല കോർഡിനേഷൻ കമ്മിറ്റികൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നിർദേശവും സർക്കാരിന്റെ പരിഗണനയിലാണ്. പി.എം. ഗതിശക്തി പോലുള്ള കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിച്ച് ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഈ സംവിധാനങ്ങൾ സഹായകമാകും.

(ബി) സംസ്ഥാനത്ത് ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും മാർഗനിർദേശങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

(സി) തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ദേശീയപാതകൾ, റെയിൽവേ എന്നിവയുമായി ബന്ധിപ്പിച്ചുള്ള ലോജിസ്റ്റിക്സ് പാർക്കുകൾ, ചരക്കുസംഭരണ കേന്ദ്രങ്ങൾ, വിതരണ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും ദേശീയ പാതകളുടെ സമീപ പ്രദേശങ്ങളിലും പുതിയ വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി പുതിയ വ്യവസായ സോണുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകളും ലോജിസ്റ്റിക്സ് പാർക്കുകളും സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനകംതന്നെ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെയും കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെയും അധികഭൂമി പ്രോയജനപ്പെടുത്തി ലോജിസ്റ്റിക് പാർക്കും, എംപ്റ്റി കണ്ടെയിനർ യാർഡും സ്ഥാപിക്കുവാൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് മുഖേന നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ ലോജിസ്റ്റിക്സ് പാർക്കുകൾ, വെയർഹൗസുകൾ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ, ഇൻഡസ്ട്രിയൽ സോണുകൾ, മത്സ്യസംസ്കരണ മേഖലകൾ എന്നിവ വികസിപ്പിക്കുന്നതാണ്. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചുമതല കിൻഫ്രയെയും ഇൻകെലിനെയും ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചിയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ-റോഡ് കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിനൊപ്പം കളമശ്ശേരിയിൽ സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകളും വികസിപ്പിക്കുന്നുണ്ട്.

നിർദിഷ്ട ലോജിസ്റ്റിക്സ് പാർക്കുകൾ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ ചെലവിൽ സംഭരണ, ചരക്കുനീക്ക സൗകര്യങ്ങൾ ലഭ്യമാക്കുകയും അവയുടെ പ്രവർത്തനക്ഷമതയും മത്സരക്ഷമതയും വർധിപ്പിക്കുകയും ചെയ്യും. ഇതിനായി യന്ത്രവൽക്കരണം, ഓട്ടോമേഷൻ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ഊർജക്ഷമവും പരിസ്ഥിതി സൗഹൃദവുമായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നതാണ്. നിക്ഷേപകർക്ക് നിക്ഷേപത്തിന്റെ വലിപ്പവും

അതുമൂലമുണ്ടാകുന്ന തൊഴിൽ അവസരങ്ങളുടെ എണ്ണവും മാനദണ്ഡമാക്കി ഓരോ വ്യവസായത്തിനും പ്രത്യേകം ആകർഷകമായ ആനുകൂല്യങ്ങൾ നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് അനുയോജ്യമായ തൊഴിൽനിയമ പരിഷ്കാരങ്ങൾ പരിഗണിക്കുന്നതിനൊപ്പം ആവശ്യമായ മാനവവിഭവശേഷി സജ്ജമാക്കുന്നതിനായി പ്രത്യേക നൈപുണ്യവികസന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കയറ്റുമതി മേഖലയിൽ, നിലവിൽ കൊളംബോ, സിംഗപ്പൂർ, ദുബായ് തുടങ്ങിയ വിദേശ തുറമുഖങ്ങൾ വഴി കൈമാറുന്ന ചരക്കുകൾ വിഴിഞ്ഞത്തുനിന്ന് നേരിട്ട് കയറ്റുമതി ചെയ്യാൻ കഴിയുന്നതോടെ ചരക്കുനീക്കത്തിലെ സമയവും ചെലവും കുറയ്ക്കാനാകും. കശുവണ്ടി, കയർ, കൈത്തറി, സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോൽപ്പന്നങ്ങൾ, ഭക്ഷ്യോൽപ്പന്നങ്ങൾ തുടങ്ങിയ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' രൂപപ്പെടുത്തി വിഴിഞ്ഞം തുറമുഖം മുഖേന ആഗോള വിപണിയിലെത്തിക്കാനും ലക്ഷ്യമിടുന്നു. ഇത് സംസ്ഥാനത്തിന്റെ കയറ്റുമതി സാധ്യതകൾ വർധിപ്പിക്കുന്നതിനും പ്രാദേശിക വ്യവസായങ്ങൾക്ക് പുതിയ വിപണികൾ തുറന്നുകൊടുക്കുന്നതിനും സഹായകമാകും.

തുറമുഖ പ്രവർത്തനങ്ങൾ, ലോജിസ്റ്റിക്സ്, വ്യാപാരം, നിർമ്മാണം, അനുബന്ധ നഗരസേവനങ്ങൾ തുടങ്ങിയ മേഖലകളിൽ തിരുവനന്തപുരം ജില്ലയിലും സമീപ ജില്ലകളിലുമായി ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മാരിടൈം ചരിത്രം, മാരിടൈം നിയമം, ലോജിസ്റ്റിക്സ് തുടങ്ങിയ വിഷയങ്ങളിൽ സർവകലാശാലാതല കോഴ്സുകൾ ആരംഭിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. വിഴിഞ്ഞം തുറമുഖത്തിലെ ഓട്ടോമേറ്റഡ് സംവിധാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യമായ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച്, പരിശീലനം ലഭിക്കുന്നവർക്ക് സംസ്ഥാനത്തെ തുറമുഖങ്ങളിൽ തൊഴിൽസാധ്യതകൾ ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതോടൊപ്പം, തുറമുഖ വികസനത്തിലും നടത്തിപ്പിലും കേരളം ആർജിക്കുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യം മറ്റ് സംസ്ഥാനങ്ങൾക്കും വിദേശരാജ്യങ്ങൾക്കും കൺസൾട്ടൻസി സേവനങ്ങളായി നൽകുന്നതിനുള്ള സാധ്യതകളുമുണ്ട്.

(ഡി) സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ ചെലവിൽ ചരക്കുനീക്ക-സംഭരണ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം പ്രോത്സാഹന നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡിക (സി) യിലെ ഉത്തരം

(ഇ) ലോജിസ്റ്റിക്സ് മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ മത്സരക്ഷമത വർധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> മുൻ ഖണ്ഡിക (സി) യിലെ ഉത്തരം

സെക്ഷൻ ഓഫീസർ